## പാഠം 9

# അവരുടെ ഹൃദയം തിരിക്കുക

### ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ആവ. 5:22–29; 4:25–31; 30:1–10; മത്തായി 3:1–8; മർക്കൊ. 1:15; അ.പ്ര. 2:37,38.**

**മനഃപാഠവാക്യം: "എങ്കിലും അവിടെവെച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കുകയും ചെയ്താൽ അവനെ കണ്ടെത്തും" (ആവ. 4:29).**

നമ്മെയെല്ലാവരെയും നാം പാപികളാണ് എന്ന ഒരു ലളിതമായ വസ്തുത പിൻപറ്റുന്നു. മനുഷ്യന്റെ അടിസ്ഥാനപരമായ അഴിമതിയുടെ ക്രിസ്തീയ ആശയത്തിന്മേൽ ചില "വിദഗ്ദ്ധർ" മുറയിടുന്നതിനെക്കുറിച്ച് ഇടയ്ക്കിടെ നാം കേൾക്കുന്നുണ്ട്. എന്നാൽ ഒരുവൻ ചെയ്യേണ്ട കാര്യം ഒരു ദിവസത്തെ വാർത്ത നോക്കുക അല്ലെങ്കിൽ മാനവചരിത്രത്തിന്റെ പെട്ടെന്നുള്ള ഒരു നിരീക്ഷണം നടത്തുക. ഈ ക്രിസ്തീയ ഉപദേശത്തിന്റെ സത്യസന്ധത വ്യക്തമാകും.

അല്ലെങ്കിൽ അതിലും എളുപ്പത്തിൽ, ഒരുവൻ ചെയ്യേണ്ട ഏകകാര്യം ഒരു നിലക്കണ്ണാടിയിൽ നോക്കുക എന്നുള്ളതാണ്. അതു വാസ്തവത്തിൽ അത്ര അകലെയല്ല. സ്വന്തം ഹൃദയത്തിലേക്ക് ഒന്ന് ആഴമായി നോക്കുവാൻ ധൈര്യപ്പെടുന്ന ഒരുവന് (പോകുവാൻ ഭീതിതമായ ഒരു ഇടമായേക്കാം) "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമർ 3:23) എന്ന് അവസാനിക്കുന്ന റോമർ 3:9–23 വരെയുള്ള വേദഭാഗത്തിന്റെ സത്യസന്ധത അറിയുവാൻ കഴിയും.

തീർച്ചയായും അടുത്ത വാക്യത്തിൽ സുവാർത്ത കണ്ടെത്തുന്നു: "അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്" (റോമർ 3:24). ഈ മഹൽ വാർത്തയ്ക്കു നിർണ്ണായകമായിരിക്കുന്നത് മാനസാന്തരമാണ്: നമ്മുടെ പാപത്തെ തിരിച്ചറിയുക, അതിന്മേൽ ദുഃഖിക്കുക, അതിനുവേണ്ടി ദൈവത്തിന്റെ ക്ഷമ ചോദിക്കുക. ആത്യന്തികമായി അതിൽനിന്ന് പിൻതിരിയുക. നാം പാപികളായതുകൊണ്ട് മാനസാന്തരം നമ്മുടെ ക്രിസ്തീയ അസ്തിത്വത്തിന്റെ ഒരു കേന്ദ്രഭാഗമാകണം. ആവർത്തനപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രകാരം മാനസാന്തരത്തിന്റെ ആശയം ഈയാഴ്ച നാം കാണും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ആഗസ്റ്റ് 28 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ആരു കൊടുക്കും (Mi - Yitten)

ഒരു കാര്യം അതു വാസ്തവത്തിൽ പറയുന്നതിൽനിന്നും വ്യത്യസ്തമായി അർത്ഥമാക്കുന്നതിന് പ്രത്യേകപദങ്ങൾ ഉപയോഗിക്കുമ്പോൾ, മറ്റു പല ഭാഷകളിലുമെന്നപോലെ എബ്രായഭാഷയും ഭാഷാശൈലികൾ ഉപയോഗിക്കുന്നു. പഴയനിയമത്തിൽ കാണുന്ന ഒരു പദശൈലിയാണ് "mi - yitten" എന്നത്. "mi" "ആര്?" എന്ന ചോദ്യവും - "yitten" അർത്ഥമാക്കുന്നത് "കൊടുക്കും" എന്നതുമാണ്. അതുകൊണ്ട്, അക്ഷരാർത്ഥത്തിൽ, "mi - yitten" എന്നതിന്റെ അർത്ഥം "ആരു കൊടുക്കും" എന്നതാണ്.

പഴയനിയമത്തിൽ, ഒരു വ്യക്തിക്ക് വളരെയധികം ആവശ്യമായിരിക്കുന്ന ഒരു താല്പര്യം ഒരു ആഗ്രഹം എന്ന ആശയത്തെ ഇതു പ്രകടമാക്കുന്നു. ഉദാഹരണമായി, മിസ്രയീമിൽനിന്നും യിസ്രായേൽ മക്കൾ രക്ഷപെട്ടതിനുശേഷം, മരുഭൂമിയിൽവച്ച് വെല്ലുവിളികൾ നേരിട്ടപ്പോൾ അവർ ഇങ്ങനെ ആർത്തുവിളിച്ചു: "മിസ്രയീം ദേശത്തുവച്ച് യഹോവയുടെ കയ്യാൽ മരിച്ചിരുന്നു എങ്കിൽ കൊള്ളായിരുന്നു" (പുറ. 16:3). "എങ്കിൽ" എന്നത് "mi - yitten" ൽനിന്നും വന്നു.

സങ്കീ. 14:7 ൽ ദാവീദ് ഇങ്ങനെ പറയുന്നു: "സീയോനിൽനിന്നു യിസ്രായേലിന്റെ രക്ഷ വന്നെങ്കിൽ!" എബ്രായഭാഷ "Oh" എന്നു പറയുന്നില്ല. "mi - yitten" എന്ന് ഇതു പറയുന്നു. ഇയ്യോബ് 6:8 ൽ ഇങ്ങനെ മുറയിടുന്നു: "അയ്യോ, എന്റെ അപേക്ഷ സാധിച്ചെങ്കിൽ!" "Oh" (അയ്യോ) വീണ്ടും "mi - yitten" ൽ നിന്നുമാണ്.

**വാക്യം 29 പ്രത്യേകിച്ച് കേന്ദ്രീകരിച്ചുകൊണ്ട് ആവ. 5:22–29 വരെ വായിക്കുക. "Oh" (അയ്യോ) എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന പദം "mi - yitten" ൽനിന്ന് വരുന്നു എന്നത് അർത്ഥമാക്കുന്നത് എന്താണ്?**

ഇവിടെ ദൈവം – സൃഷ്ടിച്ച ദൈവം, ശൂന്യാകാശം, സമയം, പദാർത്ഥം എന്നിവ ഉണ്ടാക്കിയ ദൈവം നമ്മുടെ ലോകത്തെ അതിന്റെ അസ്തിത്വത്തിലേക്കു കല്പിച്ചുണ്ടാക്കിയ ദൈവം – മാനവകുലത്തിന്റെ ബലഹീനതകളും പരിമിതികളുമായി പൊതുവേ ബന്ധപ്പെടുന്ന ഒരു പദം ഉച്ചരിക്കുന്നു. സ്വതന്ത്ര ഇച്ഛാശക്തിയുടെ യാഥാർത്ഥ്യത്തിന്റെ എന്തൊരു ഉദാഹരണം! വൻപോരാട്ടത്തിന്റെ മദ്ധ്യേ ദൈവത്തിനു ചെയ്യുവാൻ കഴിയുന്നവയ്ക്കു പരിമിതികളുണ്ട് എന്നതു നാം ഇവിടെ കാണുന്നു. സ്വതന്ത്രമായ ഇച്ഛാശക്തിയെ ചവിട്ടി മെതിക്കുവാൻ ദൈവത്തിനുപോലും കഴിയുകയില്ല എന്നതാണ് "mi - yitten" ന്റെ ഉപയോഗം വെളിപ്പെടുത്തുന്നത്, അത് ചെയ്യുന്ന നിമിഷത്തിൽ അതൊരിക്കലും സ്വതന്ത്രമാകുകയില്ല.

മനുഷ്യരെന്ന നിലയിൽ പാപം ചെയ്യുവാൻ നമുക്കു സ്വാതന്ത്ര്യമുള്ളതുപോലെ, അവന്റെ ആത്മാവിനു മറുപടിയായി ദൈവത്തെ തിരഞ്ഞെടുക്കുന്നതിനും അവന്റെ നടത്തിപ്പിനോട് തുറന്ന രീതിയിലായിരിക്കുവാനും നമ്മുടെ പാപങ്ങളിൽനിന്നും പശ്ചാത്തപിച്ച് അവനെ അനുഗമിക്കാനുമുള്ള തിരഞ്ഞെടുപ്പ് ഉണ്ടാക്കുന്നതിനും നാം സ്വതന്ത്രരാണ്. ആത്യന്തികമായി തിരഞ്ഞെടുപ്പ് നമ്മുടേതാണ്, നമ്മുടേതു മാത്രം, ഇത് നാം ദിനന്തോറും നിമിഷംതോറും ഉണ്ടാക്കേണ്ട ഒരു തിരഞ്ഞെടുപ്പാണ്.

**അടുത്ത ഏതാനും മണിക്കൂറുകൾ അല്ലെങ്കിൽ ഏതാനും ദിവസങ്ങൾ നിങ്ങൾ**

**നേരിടുവാൻപോകുന്ന ചില തിരഞ്ഞെടുപ്പുകൾ എന്തെല്ലാമാണ്? അവന്റെ ബലത്തിൽ ആശ്രയിച്ചുകൊണ്ട് നിങ്ങൾക്കു ശരിയായ തിരഞ്ഞെടുപ്പുകൾ ഉണ്ടാക്കുവാൻ കഴിയുംവിധം നിങ്ങളുടെ ഇച്ഛ ദൈവത്തിനു സമർപ്പിക്കുവാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കുവാൻ കഴിയും?**

## എന്നെ അന്വേഷിച്ച് കണ്ടെത്തുക

ദൈവത്തിന്റെ മുന്നറിവിന്റെ തെളിവ് ബൈബിളിലുടനീളം നാം കണ്ടെത്തുന്നു. അതായത്, സംഭവിക്കുന്നതെല്ലാം മുമ്പുതന്നെ അവനറിയാം. ലോകസാമ്രാജ്യങ്ങളുടെ വീഴ്ചയും താഴ്ചയും മുതൽ വ്യക്തികളുടെ പ്രവൃത്തികൾ അവ സംഭവിക്കുന്നതിന് മണിക്കൂറുകൾക്കുമുമ്പുതന്നെ അവന് അറിയാം – ഈ രാത്രിയിൽ കോഴി കൂകും മുമ്പേ... നിന്നോടു പറയുന്നു" (മത്താ. 26:34). ദൈവത്തിന് ആരംഭംമുതൽ അവസാനവും അറിയാം. അവന്റെ മുന്നറിവ്, നമ്മുടെ സ്വതന്ത്രമായ തിരഞ്ഞെടുപ്പുകൾ പോലും ആ തിരഞ്ഞെടുപ്പുകളുടെ സ്വാതന്ത്ര്യത്തിനുമേൽ, അവയെന്തു തന്നെയായിരുന്നാലും യാതൊരു സ്വാധീനവുമുണ്ടാക്കുകയില്ല. അങ്ങനെ, യിസ്രായേൽ മക്കളെ കനാൻദേശത്തേക്കു കൊണ്ടുവരുന്നതിനുമുമ്പുതന്നെ, വന്നുകഴിയുമ്പോൾ അവർ എന്തുചെയ്യുമെന്ന് ദൈവം അറിഞ്ഞു.

**ആവ. 4:25–28 വരെ വായിക്കുക. അവർക്കു വാഗ്ദത്തം ചെയ്ത ദേശത്ത് എത്തിയതിനുശേഷം അവർ എന്തുചെയ്യണമെന്നായിരുന്നു ദൈവം പറഞ്ഞത്?**

മുമ്പുള്ള വാക്യങ്ങളിൽ, അവർ വിഗ്രഹങ്ങളെ ഉണ്ടാക്കുകയും അവയെ ആരാധിക്കുകയും ചെയ്യരുത് എന്ന് ദൈവം പ്രത്യേകമായി അവരോടു പറഞ്ഞിരുന്നു (ആവ. 4:15–20). മുന്നറിയിപ്പുകളൊക്കെ ഉണ്ടായിരുന്നെങ്കിൽതന്നെയും വിഗ്രഹങ്ങളെ ഉണ്ടാക്കുകയും അവയെ ആരാധിക്കുകയും ചെയ്യുകയാണ് അവർ ചെയ്യുവാൻ പോകുന്നത് എന്നു തുടർന്നുള്ള വാക്യങ്ങളിൽ വളരെയധികം പറയുന്നു. അതുടനെ സംഭവിക്കുകയില്ല എന്നത് മോശെയ്ക്കു വ്യക്തമായിരുന്നു എന്നത് ആവ. 4:25 ൽ ശ്രദ്ധിക്കുക. അവരനുഭവിച്ച സകലതിനും ശേഷം അവർ പെട്ടെന്ന് വിഗ്രഹാരാധനയിലേക്കു വീണുപോകത്തക്കവിധമല്ലായിരുന്നു. എന്നിരുന്നാലും കാലം കടന്നുപോയപ്പോൾ, ഏതാണ്ടൊരു തലമുറയ്ക്കുശേഷമോമറ്റോ ദൈവം അവർക്കു ചെയ്തതിനെയും അവൻ എന്തിനെതിരേ മുന്നറിയിപ്പു കൊടുത്തിരുന്നോ അതിനെയും "മറന്ന്" (ആവ. 4:9) കൃത്യമായി അതിനെത്തന്നെ ചെയ്യുന്നതിലേക്ക് അവർ പോകുവാനുള്ള പ്രവണതയുണ്ടായി.

**വായിക്കുക: ആവ. 4:29–31. ഈ പ്രത്യേക സാഹചര്യത്തിൽ ദൈവം അവർക്കുവേണ്ടി എന്തു ചെയ്യുമെന്നു പറഞ്ഞു?**

ദൈവകൃപ ആശ്ചര്യകരമാണ്. ഭയങ്കര തിന്മയായ വിഗ്രഹാരാധനയിൽ നിപതിച്ചശേഷവും തൽഫലമായി അവർ അനുഭവിച്ച അനന്തരഫലത്തിനുശേഷംപോലും അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞിരുന്നെങ്കിൽ, അവൻ അവരോടു ക്ഷമിക്കുകയും അവരെ പുനഃസ്ഥാപിക്കുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ, മാനസാന്തരത്തിനുള്ള തിരഞ്ഞെടുപ്പ് അവർ സ്വതന്ത്രമായി നടത്തിയിരുന്നെങ്കിൽ, അവരുടെ മാനസാന്തരം അവൻ സ്വീകരിക്കുമായിരുന്നു. ആവർത്തനം 4:30 ലെ "തിരിയുക" എന്ന പദത്തെ പലപ്പോഴും പരിഭാഷപ്പെടുത്തിയിരിക്കുന്നത് വാസ്തവത്തിൽ "മടങ്ങിവരുക" എന്നാണ് അർത്ഥമാക്കിയിരുന്നത്. അതായത്, അവരെല്ലാനാളും ദൈവത്തിങ്കലേക്ക് "തിരിച്ചുപോകുക" എന്നതിലായിരിക്കണമായിരുന്നു. ടെഷുവാ (teshuvah) എന്ന എബ്രായപദം അതിന്റെ മൂലഭാഷയിൽ അർത്ഥമാക്കുന്നത് "മടങ്ങിവരുക"

എന്നുപറഞ്ഞാൽ "മാനസാന്തരപ്പെടുക" എന്നാണ്.

**അങ്ങനെ, ചുരുക്കത്തിൽ മറ്റെന്തൊക്കെയാണ് മാനസാന്തരത്തിൽ ഉൾപ്പെടുന്നത്. നാം പാപം കാരണം ദൈവത്തിൽനിന്ന് വേർപെട്ടുപോയതിനുശേഷമുള്ള ഒരു തിരിച്ചുവരവാണിത്.**

## ടെഷുവാ (Teshuvah)

ദൈവത്തെ അനുസരിച്ച് അനുഗ്രഹിക്കപ്പെടുക, അനുസരണക്കേട് കാണിച്ച് അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുക എന്നതാണ് ആവർത്തനപുസ്തകത്തിലുടനീളം പ്രത്യക്ഷപ്പെടുന്ന പ്രധാനവിഷയം. പുതിയനിയമത്തിലും ഇതു വ്യത്യസ്തമല്ല. "വഞ്ചനപ്പെടാതിരിപ്പിൻ... നിത്യജീവനെ കൊയ്യും" (ഗലാ. 6:7,8).

നിർഭാഗ്യവശാൽ, വീഴ്ചയ്ക്കുശേഷമാണെങ്കിലും പാപം എന്നത് ശ്വസിക്കുന്നതുപോലെ എളുപ്പവും സ്വാഭാവികവുംപോലെ തോന്നുന്നു. എല്ലാ മുന്നറിയിപ്പുകളും വാഗ്ദത്തങ്ങളുമൊക്കെയുണ്ടായിരുന്നിട്ടും – "ഞാൻ ഇന്നു നിന്നോട്... ദൂരമായതുമല്ല" (ആവ. 3:11). ജനത്തിൽ അധികംപേരും അങ്ങനെതന്നെ ചെയ്തു: ഏതു പാപങ്ങൾക്കെതിരേ ദൈവം താക്കീത് കൊടുത്തുവോ അതേ പാപത്തിൽതന്നെ അവർ വീണു. അപ്പോൾപോലും അവരുടെ സ്വതന്ത്രമായ ഇച്ഛാശക്തിയും സ്വതന്ത്രമായ തിരഞ്ഞെടുപ്പും ഉപയോഗിച്ചുകൊണ്ട് മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിഞ്ഞിരുന്നെങ്കിൽ, അവരെ തിരിച്ചെടുക്കുവാൻ അവൻ ഒരുക്കമുള്ളവനായിരുന്നു.

**വീണ്ടും വായിക്കുക: ആവ. 30:1–10. അവർ ചെയ്ത തെറ്റുകളൊക്കെ ഉണ്ടായിരുന്നെങ്കിലും ദൈവം തന്റെ ജനത്തിനുവേണ്ടി എന്തുചെയ്യുമെന്നാണ് പറയുന്നത്? എങ്കിലും ഈ അത്ഭുത വാഗ്ദത്തങ്ങൾ എന്തു വ്യവസ്ഥയിലാണ് ഉറപ്പിച്ചിരുന്നത്?**

ആശയം ലളിതവും നേരെയുള്ളതുമാണ്: നിങ്ങൾ താറുമാറാക്കുകയാണെങ്കിൽ, ഭയങ്കരമായ ഭവിഷത്തുകൾ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ബാധിക്കും അതാണ് പാപം ചെയ്യുന്നത്. എന്നിരുന്നാലും നിങ്ങൾക്കു മാനസാന്തരപ്പെടാം. ദൈവം നിങ്ങളെ തിരിച്ചെടുക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. അസംഖ്യം സമയം ഈ വാക്യങ്ങളിൽ ഇതേ എബ്രായ മൂലപദം ടെഷുവായ്ക്കു പിന്നിൽ പ്രത്യക്ഷപ്പെടുന്നു. "നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിയുക" എന്ന് ആവ. 30:2 ൽ പ്രത്യക്ഷപ്പെടുന്നു. ആവ. 30:8 "നീ മനസ്സു തിരിഞ്ഞ് യഹോവയുടെ വാക്കുകേട്ട് അനുസരിച്ചു നടന്നാൽ" എന്ന് പലപ്പോഴും പരിഭാഷപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ശരിയായി ചെയ്താൽ, "നീ വീണ്ടും യഹോവയുടെ ശബ്ദം അനുസരിക്കും" എന്ന് ഇതിനെ അക്ഷരികമായി പരിഭാഷപ്പെടുത്താം. അവസാനം, "നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടുംകൂടെ തിരികയും ചെയ്താൽ" എന്ന് ആവ. 30:10 ൽ വായിക്കുന്ന ഇടത്ത് "തിരിയുക" എന്നതിന് വാസ്തവത്തിൽ "മടങ്ങിവരിക" എന്നാണ് കാണുന്നത്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അവർക്കു സംഭവിച്ചതും അവരുടെ പൂർണ്ണ ലംഘനവും ഉടമ്പടി ലംഘനവുമൊക്കെയുണ്ടായിരുന്നെങ്കിലും ദൈവം അവരെ കൈവിട്ടില്ല. ദൈവം അവരെ കൈവിടണമെന്ന് അവർക്കില്ലായിരുന്നെങ്കിൽ, മാനസാന്തരത്തിലൂടെ അവർക്ക് ആ ആഗ്രഹം പ്രകടമാക്കാമായിരുന്നു.

**ഒരു ജനതയോട് മൊത്തമായി ഇടപെട്ടിരുന്നെങ്കിലും ഇന്നത്തേതിൽനിന്നും വ്യത്യസ്തമായ പശ്ചാത്തലത്തിൽ നാം ദൈവവുമായുണ്ടാക്കിയ ഉടമ്പടി ചിലപ്പോഴൊക്കെ ലംഘിക്കുന്ന വിശ്വാസികളെന്ന നിലയിൽ, യഥാർത്ഥ മാനസാന്തരത്തിന്റെ യാഥാർത്ഥ്യം ഇപ്പോഴും ഈ വാക്യങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നു?**

## നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെ

പിന്മാറ്റത്തിലായവർക്കും പാപികൾക്കും വേണ്ടിയുള്ള ദൈവകൃപയും നന്മയും ആവർത്തനം 30:1–10 വരെയുള്ള വേദഭാഗം വെളിപ്പെടുത്തുന്നു. അവർ പിന്മാറ്റക്കാരും പാപികളും ആയിരുന്നപ്പോൾപോലും അതുല്യമാംവിധം ദൈവം അവരെ അനുഗ്രഹിച്ചിരുന്നു: “നമ്മുടെ ദൈവമായ യഹോവയോടു... ശ്രേഷ്ഠജാതി ഏതുള്ളൂ?” (ആവ. 4:7). അവൻ അവർക്കുവേണ്ടി ചെയ്തവയൊക്കെയുണ്ടായിരുന്നപ്പോഴും അവരുടെ പാപങ്ങൾക്ക് ഒരു ന്യായീകരണമോ ഒരു യഥാർത്ഥ ഒഴികഴിവോ അവർക്കില്ലായിരുന്നു എന്ന വസ്തുതയുണ്ടായിരുന്നപ്പോഴും എതുവിധത്തിലായിരുന്നാലും അവർ പാപം ചെയ്തു (ആർക്കെങ്കിലും വർണ്ണിക്കുവാൻ കഴിയുമോ?). അങ്ങനെയാണെങ്കിലും എന്ത്?

**ആവ. 30:1–10 ൽ അവരുടെ മാനസാന്തരം എന്തായിരുന്നു എന്നതിലും ദൈവത്തിലേക്കുള്ള അവരുടെ മടങ്ങിവരവ് (teshuvah) എന്ത് അനിവാര്യമാക്കിത്തീർത്തു എന്നതിലും കേന്ദ്രീകരിക്കുക. എന്ത് ആവശ്യമായിരുന്നു. യഥാർത്ഥ മാനസാന്തരമെന്നാലെന്താണെന്നതിനെ സംബന്ധിച്ച് ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു?**

ആത്യന്തികമായി, അവനിലേക്കു മടങ്ങിവരുന്നതിനും പൂർണ്ണഹൃദയത്തോടെ അവനെ അനുസരിക്കുന്നതിനുമുമ്പുള്ള ഒരു തിരഞ്ഞെടുപ്പ് അവർ ഉണ്ടാക്കേണ്ടിവന്നു. ഒരർത്ഥത്തിൽ, യഥാർത്ഥ വിഷയം അവരുടെ ഹൃദയമായിരുന്നു. കാരണം അവരുടെ ഹൃദയം ദൈവവുമായി നിരപ്പിലായാൽ അവരുടെ പ്രവൃത്തികൾ പിന്തുടരും: അതായത്, അവർ അനുസരണവുമുള്ളവരായിരിക്കും.

അതുകൊണ്ടാണ്, അവർ ദൈവത്തിങ്കലേക്ക് “മടങ്ങിവരികയും” ആത്മാർത്ഥമായി അവനിലേക്കു തിരിയുകയും ചെയ്യുകയാണെങ്കിൽ അവൻ അവരിൽ പ്രവർത്തിക്കുകയും അവരുടെ ഹൃദയങ്ങളെ “പരിച്ഛേദന” ചെയ്യുകയും ചെയ്യും. അവരുടെ പ്രവാസത്തിനുമദ്ധ്യേ ദൈവത്തിങ്കലേക്കു മടങ്ങിവരുവാനുള്ള തിരഞ്ഞെടുപ്പ് അവരുണ്ടാക്കണം. അപ്പോൾ അവൻ അവരെ അവനിലേക്കും ദേശത്തേക്കും മടക്കിക്കൊണ്ടുവരുകയും ചെയ്യും. അങ്ങനെ അവരെയും ദേശത്തെയും അപ്പോൾതന്നെ അനുഗ്രഹിക്കും. അവരും അവരുടെ മക്കളും “ജീവിച്ചിരിക്കേണ്ടതിന് ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും സ്നേഹിക്കേണ്ടതിന്” അവൻ കൂടുതൽ അവനിലേക്ക് അടുക്കേണ്ടതിനും അവരുടെ ഹൃദയങ്ങളിൽ മാറ്റമുണ്ടാക്കുന്നതിനും അവൻ അവരിൽ പ്രവർത്തിക്കുന്നതാണ് അനുഗ്രഹത്തിന്റെ ഭാഗം.

അവസാനം ദൈവത്തിന്റെ മന്ദസ്വരത്തിന് പ്രത്യുത്തരമായി (അ.പ്ര. 5:31 കാണുക). അവർ യഥാർത്ഥമായി അവരുടെ പാപങ്ങൾ ഏറ്റുപറയണം. ഒരു വ്യത്യസ്തമായ ചരിത്രപശ്ചാത്തലത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും എലൻ വൈറ്റ് ഇങ്ങനെ എഴുതി: “അവരുടെ പാപങ്ങൾ അവരുടെ മേൽ കഷ്ടത കൊണ്ടുവന്നതു കാരണം ജനം വിലപിച്ചു. എന്നാൽ അത് ദൈവത്തിന്റെ പരിശുദ്ധനിയമം ലംഘിച്ചതിലൂടെ ദൈവത്തെ അപമാനിച്ചതുകൊണ്ടല്ല. യഥാർത്ഥ അനുതാപം പാപത്തെക്കുറിച്ച് ദുഃഖിക്കുന്നതിലുമപ്പുറമാണ്. തിന്മയിൽനിന്നുള്ള ദൃഢമായ ഒരു തിരിയലാണ്” എലൻ വൈറ്റ്, പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം 557. ഇത് ആവ. 30:1–10 വരെ കാണുവാൻ കഴിയുന്ന ഒരു സത്യമാണ്.

ആർക്കും ചെയ്യാമെന്നതുപോലെ, നമ്മുടെ പാപങ്ങളുടെ ശിക്ഷയെ ഭയന്ന് ദുഃഖിക്കുന്നതും പാപത്തെത്തന്നെ ഓർത്ത് ദുഃഖിക്കുന്നതും തമ്മിലുള്ള വ്യത്യാസം നമുക്കെങ്ങനെ അറിയുവാൻ കഴിയും? ഈ വ്യത്യാസം അത്ര പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?

## പശ്ചാത്തപിച്ച് മാനസാന്തരപ്പെടുക

തീർച്ചയായും പശ്ചാത്താപ ആശയംകൊണ്ടു നിറഞ്ഞതാണ് പുതിയനിയമം. വാസ്തവത്തിൽ, യോഹന്നാൻ സ്നാപകൻ തന്റെ ശുശ്രൂഷ ആരംഭിച്ചത് പശ്ചാത്താപത്തിനുള്ള ഒരു ആഹ്വാനത്തോടുകൂടിയാണ്.

**വായിക്കുക: മത്തായി 3:1–8. ഈ വാക്യങ്ങളിൽ "മടങ്ങിവരുക" എന്ന ആശയം എങ്ങനെ പ്രത്യക്ഷപ്പെടുന്നു? മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആവർത്തനപുസ്തകത്തിൽ കണ്ടെത്തിയിട്ടുള്ളത് പ്രതിഫലിപ്പിക്കുന്ന എന്ത് ചെയ്യുവാനാണ് യോഹന്നാൻ ആവശ്യപ്പെടുന്നത്? പരീശന്മാരെയും സദൂക്യരെയും സംബന്ധിച്ചിടത്തോളം തന്റെ വാക്കുകൾക്ക് എന്തുകൊണ്ടാണ് പ്രത്യേക പ്രസക്തിയുള്ളത്?**

മാനസാന്തരപ്പെടുവാനുള്ള ആഹ്വാനത്തോടുകൂടിയാണ് യേശുവും തന്റെ ശുശ്രൂഷ ആരംഭിച്ചത്?

**വായിക്കുക: മർക്കൊസ് 1:15. യേശു എന്തു പറയുന്നു, എന്തുകൊണ്ടാണ് യേശു മാനസാന്തരത്തെ സുവിശേഷത്തോടു ബന്ധപ്പെടുത്തിയത്?**

യോഹന്നാൻ പ്രത്യേകിച്ച് മതനേതാക്കളോടു സംസാരിച്ചാലും യേശു ഒരു ജനതയോട് മൊത്തമായി സംസാരിച്ചാലും ആശയം ഒന്നുതന്നെയാണ്. നാം പാപികളാണ്, യേശു പാപികളെ രക്ഷിക്കുവാൻ വന്നുവെങ്കിലും നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയണം. ഒരു പിന്മാറ്റക്കാരനായാലും അല്ലെങ്കിൽ പാപത്തിൽ വീണുപോകുന്ന ഒരു വിശ്വസ്ത ക്രിസ്ത്യാനി എന്ന നിലയിലായിരുന്നാലും അല്ലെങ്കിൽ ഒരു പുതിയ വിശ്വാസിയായിരുന്നാലും ആ മാനസാന്തരത്തിൽ നമ്മുടെ പഴയ പാപവഴികൾ വിട്ടുള്ള ഒരു തിരിച്ചുവരവ് അതിൽ ഉൾപ്പെടുന്നു. നമ്മുടെ പാപാവസ്ഥ നാം തിരിച്ചറിയണം. നമ്മുടെ പാപത്തെത്തന്നെ (അവയുടെ വെറും ശിക്ഷയെയല്ല) ഓർത്ത് പശ്ചാത്തപിക്കുകയും ബോധപൂർവ്വം ആ പാപങ്ങളെ വിട്ടകലുകയും ചെയ്യണം. പൂർണ്ണമായും യേശുവിന്റെ യോഗ്യതകളിൽ ആശ്രയിച്ചുകൊണ്ട് "നിന്റെ ദൈവമായ യഹോവയുടെ വാക്കു ശ്രദ്ധയോടെ കേട്ടനുസരിക്കുകയും ചെയ്ക" (ആവ. 15:4).

ആവർത്തനപുസ്തകത്തിൽ പ്രകടമായിരിക്കുന്ന പ്രകാരം പശ്ചാത്താപ ആശയത്തിന്റെ പ്രതിധ്വനി ചില വേദപണ്ഡിതന്മാർ പുതിയനിയമത്തിൽ കാണുന്നു. ഉദാഹരണമായി യേശുവിനെ ക്രൂശിച്ചതുകൊണ്ട് പത്രൊസ് ജനതയുടെമേൽ കുറ്റം ആരോപിച്ചപ്പോൾ, ജനത്തിൽ അനേകരും "ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ട് പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു" (അ.പ്ര. 2:37). അതായത്, അവരുടെ പാപത്തെച്ചൊല്ലി അവർ ബോധവാന്മാരാകുകയും അതുകാരണം ദുഃഖിക്കുകയും (ഹൃദയത്തിൽ കുത്തുകൊണ്ട്) അവർ ദ്രോഹിച്ച ദൈവത്തോട് നിരപ്പിലാകുവാൻ ഇപ്പോൾ എന്തു ചെയ്യേണ്ടൂ എന്നു ചോദിക്കുകയും ചെയ്തു. ദൈവത്തെ ദ്രോഹിച്ച പാപികളെന്ന നിലയിൽ, മിക്കവാറും നമ്മുടെ എല്ലാവരുടെയും അവസ്ഥ ഇതുതന്നെയല്ലയോ?

**വായിക്കുക: അ.പ്ര. 2:38. അവരുടെ ചോദ്യത്തിന് പത്രൊസ് എങ്ങനെ മറുപടി പറഞ്ഞു. യഥാർത്ഥ പശ്ചാത്താപത്തിന്റെ പിന്നിലുള്ള തത്വത്തെ ഈ സംഭവം എങ്ങനെ വെളിപ്പെടുത്തുന്നു?**

## കൂടുതൽ പഠനത്തിന്:

"നമ്മുടെ ക്രിസ്തീയ അനുഭവത്തിൽ ഓരോ പടി പിന്നിടുന്തോറും അനുതാപം ആഴമായി ഭവിക്കേണ്ടതാണ്. കർത്താവ് ക്ഷമിച്ചുകൊടുക്കുകയും തന്റെ സ്വന്തജനമായി താൻ അംഗീകരിച്ചുകഴിയുകയും ചെയ്തവരെക്കുറിച്ച് ഇപ്രകാരം പറയുന്നു: "അപ്പോൾ നിങ്ങൾ നിങ്ങളുടെ ദുർമാർഗ്ഗങ്ങളെയും നന്നല്ലാത്ത പ്രവൃത്തികളെയും ഓർത്തു നിങ്ങളുടെ അകൃത്യങ്ങൾ നിമിത്തവും മ്ലേച്ഛതകൾ നിമിത്തവും നിങ്ങൾക്കു നിങ്ങളോടുതന്നെ വെറുപ്പുതോന്നും" (യെഹെ. 36:31). വീണ്ടും കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: "നീ ചെയ്തതൊക്കെയും ഞാൻ നിന്നോടു ക്ഷമിക്കുമ്പോൾ, നീ ഓർത്തു ലജ്ജിച്ചു നാണം നിമിത്തം ഇനി ഒരിക്കലും വായ് തുറക്കാതിരിക്കേണ്ടതിനു ഞാൻ നിന്നോട് എന്റെ നിയമം ചെയ്യും; ഞാൻ യഹോവ എന്നു നീ അറിയും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യെഹെ. 16:62,63). നമ്മുടെ ഏക ആശ്രയം ക്രിസ്തുവിൽ മാത്രമാണെന്ന് അപ്പോൾ നാം അറിയും. അപ്പോൾ സ്വയം പ്രശംസയ്ക്കൊരിക്കലും നമ്മുടെ അധരങ്ങൾ തുറക്കപ്പെടുകയില്ല. അപ്പൊസ്തലന്റെ ഏറ്റപറച്ചിൽ നമ്മുടേതായിത്തീരും. 'എന്നിൽ എന്നുവച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു' (റോമർ 7:18). 'എനിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്; അവനാൽ ലോകം എനിക്കും, ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ. 6:14). എലൻ വൈറ്റ്, ക്രിസ്തുവിന്റെ ഉപമകൾ, പുറം 165.

"ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു" (റോമർ 2:4). ദിവ്യസ്നേഹത്തിന്റെ കരുണാർദ്രമായ കൃപ എന്ന സുവർണ്ണ ചരട് ആപത്തിൽ വീഴുന്ന ഓരോ ആത്മാവിനുചുറ്റും വലയം ചെയ്യുന്നു. നിത്യസ്നേഹംകൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു എന്ന് ദൈവം അരുളിച്ചെയ്യുന്നു" (യിരെ. 31:3). എലൻ വൈറ്റ്, ക്രിസ്തുവിന്റെ ഉപമകൾ, പുറ. 165.

## ചർച്ചാചോദ്യങ്ങൾ

1. **നാം പശ്ചാത്തപിക്കണമെങ്കിലും പശ്ചാത്താപമെന്ന പ്രവൃത്തിതന്നെ നമ്മെ ദൈവത്തോട് നിരപ്പിക്കുന്നതു പോലെയുള്ള പശ്ചാത്താപം പ്രശംസാർഹമാണെന്ന കെണി ഒഴിവാക്കുന്നതിന് നമുക്കെങ്ങനെ ശ്രദ്ധാലുക്കളാകുവാൻ കഴിയും? ദൈവമുമ്പാകെ നിരപ്പുള്ളവരായിരിക്കുവാനുള്ള ഏകവഴി എന്താണ്?**

2. **"അവനെ ശിക്ഷയ്ക്കു വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ട് അനുതപിച്ചു. ആ മുപ്പത് വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കിക്കൊണ്ടുവന്ന്: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അത് ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക എന്ന് അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞ്, ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു" (മത്തായി 27:3–5). യേശുവിനോട് ചെയ്തത് ഓർത്ത് യൂദാ ദുഃഖിച്ചു എന്നതിൽ സംശയമില്ല (എന്നിരിക്കിലും അവൻ തന്നെത്താൻ ചത്തു). എങ്കിലും അവന്റെ പ്രവൃത്തികൾ യഥാർത്ഥ പശ്ചാത്താപമായി എന്തുകൊണ്ട് പരിഗണിക്കപ്പെട്ടില്ല?**

3. **നമ്മുടെ സ്വന്തം പാപാവസ്ഥയുൾപ്പെടെ മാനവകുലത്തിന്റെ യഥാർത്ഥ പാപാവസ്ഥ മറ്റുള്ളവരുടെ മുമ്പിലും (അതിൽ നാം അവരെ വിധിക്കുന്നില്ല) ദൈവമുമ്പാകെയും നമ്മെ എങ്ങനെ താഴ്മയുള്ളവരാക്കണം. ഇതു കുരിശെടുത്തു എന്ന വസ്തുത, അതായത് ദൈവപുത്രന്റെ മരണം, നമ്മെ രക്ഷിക്കുന്നതിനും പാപം എത്ര മോശമായതാണെന്ന് നമ്മെ കാണിക്കുകയും എന്തുകൊണ്ട് ചെയ്യണം?**